# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 149 09.03.2015-ൽ മറുപടിയ്ക്ക്**

**<u>മതപരിവർത്തനം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ. കെ. വിജയൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) കേരളത്തിൽ മതപരിവർത്തനത്തിന് ഇടക്കം കുറിച്ചിരിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരളത്തിൽ കാലാകാലങ്ങളായി മതപരിവർത്തനം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമവിരുദ്ധമായി ഏതെങ്കിലും മതപരിവർത്തനം ഉണ്ടായതായ സംഭവങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ കൂട്ട മതപരിവർത്തനത്തിന് നേതൃത്വം കൊടുക്കുന്നവരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ബി) (എ) യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് മതപരിവർത്തനം നടന്നിട്ടുള്ളതായി പറയപ്പെടുന്നത് എവിടെയെല്ലാമാണ്; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) ആലപ്പുഴ ജില്ലയിലെ കരീലക്കുളങ്ങര കണിച്ച നെല്ലൂർ ലക്ഷ്മി നാരായണ കുടുംബ ക്ഷേത്രം, കായംകുളം ദേവികുളങ്ങര പഞ്ചായത്തിലെ പിഴവൂർ കുടുംബം വക യക്ഷിയമ്പലം, കോട്ടയം ജില്ലയിലെ രാമപുരം അരീക്കര എസ്. എൻ. ഡി. പി. ശ്രീ നാവായ സുബ്രഹ്മണ്യ ക്ഷേത്രം, പൊൻകുന്നം പുതിയകാവ് ദേവി ക്ഷേത്രം, തിരുനക്കര ശ്രീകൃഷ്ണ ക്ഷേത്രം, കുറവിലങ്ങാട് ഉഴവൂർ കാര്യനെല്ലി ദേവി ക്ഷേത്രം, ചിങ്ങവനം ചോഴിയക്കാട് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി പാർളിക്കാട് നടരാജഗിരി ക്ഷേത്രം എന്നീ സ്ഥലങ്ങളിൽ പുനർമതപരിവർത്തനം നടന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭരണഘടന അനുശാസിക്കുന്ന മത സ്വാതന്ത്ര്യം എല്ലാ വിഭാഗങ്ങൾക്കും സംസ്ഥാനത്ത് ഉറപ്പുവരുത്തുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ